**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2267/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി 17.08.2018

---

പരാമർശം :-1. മഴക്കെടുതികൾ മൂലമുണ്ടായ നാശ നഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് ബഹു.മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ 08.08.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

2. ദുരന്ത നിവാരണ (എ) വകുപ്പിന്റെ 10.08.2018 ലെ സ.ഉ(കൈ) നം.12/2018/DMD നമ്പർ ഉത്തരവ്

**ഉത്തരവ്**

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും അതീവ ഗുരുതരമായതിനാൽ ദുരന്ത നിവാരണത്തിനായി കൂടുതൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭാസ സ്ഥാപനങ്ങൾ ഒഴിവാക്കി കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യ പ്രദമായ മറ്റ് ഹാളുകൾ/ കെട്ടിടങ്ങൾ മുതലായവ വാടകയ്ക്കോ സൗജന്യമായോ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണ് .

മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും കിണറുകളിലും മറ്റും മണ്ണും ചെളിയും ഉൾപ്പെടയുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ട്. പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്ത് വീടുകളും സ്ഥാപനങ്ങളും കിണറുകളും ഉപയോഗ യോഗ്യമാക്കുന്നതിന് ശുചീകരണ നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ താഴെ പറയുന്ന ശുചീകരണ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

- വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻതന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ശുചിത്വ മിഷനും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി യോജിച്ച് പ്രവർത്തിക്കേണ്ടതും ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നേതൃത്വം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്കായി ഡംപിങ് സ്ഥലങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

- ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരുടെയും, ഹരിതകർമ്മ സേനയുടെയും, സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും, യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- മലിനജലം കലർന്ന കിണറുകളുടെ ശുചീകരണം (well sanitation)) നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനു പ്രാഥമിക പരിഗണന നൽകേണ്ടതാണ്.
- കയ്യുറ, മാസ്ക് തുടങ്ങി ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വസ്തുക്കളുടെ ലഭ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്
- പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിൽ പാമ്പ് ഉൾപ്പെടുയുള്ള ജീവികളുടെ സാന്നിധ്യം മുന്നിൽ കണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- വെള്ളപ്പൊക്കവും മഴക്കെടുതികളുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**കെ. ഗോപാലകൃഷ്ണ ഭട്ട്**

**ഗവ. സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്ത് അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷൻ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്ന് തന്നെ പ്രസിദ്ധപ്പെടുത്തുന്നതിന് )
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ ( എസ്.സി ) വകുപ്പ് ( ഇനം നമ്പർ OA.2432 തീയതി 16.08.2018)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്‌പെഷ്യൽ സെക്രട്ടറിക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്

തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്